**No. CEE/4050/2016/KEAM-2017/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# <u>വിജ്ഞാപനം</u>

## <u>2017-ലെ ആയുർവേദ കോഴ്സിലേയ്ക്കുള്ള സ്പോട്ട് അലോട്ട്മെന്റ്</u>

സ്വകാര്യ സ്വാശ്രയ ആയുർവേദ മെഡിക്കൽ കോളേജായ തൃശ്ശൂർ പി.എൻ.എൻ.എം ആയുർവേദ മെഡിക്കൽ കോളേജിൽ അധികമായി അനുവദിക്കപ്പെട്ട 10 ബി.എ.എം.എസ് സീറ്റുകളിലെ 5 സർക്കാർ സീറ്റുകളിലേയ്ക്ക് അലോട്ട്മെന്റ് നടത്തുന്നതിന് 01.11.2017-ലെ A3/394/17/AYUSH നം. കത്ത് പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സീറ്റുകൾ നികത്തുന്നതിനായി ഒരു സ്പോട്ട് അലോട്ട്മെന്റ് **<u>2017 നവംബർ 4 (ശനിയാഴ്ച) രാവിലെ 9.30–ന് തിരുവനന്തപുരം, വഴുതക്കാട് ഗവ: വിമൻസ് കോളേജ് കാമ്പസിലുള്ള ന്യൂ ആഡിറ്റോറിയത്തിൽ</u>** വച്ച് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്നതാണ്. സ്പോട്ട് അലോട്ട്മെന്റിൽ പുതുതായി അലോട്ട്മെന്റ് ലഭിക്കുന്നവർ 07.11.2017 വൈകുന്നേരം 5 മണിയ്ക്കകം ബന്ധപ്പെട്ട കോളേജിൽ പ്രവേശനം നേടേണ്ടതാണ്.

**<u>സ്പോട്ട് അലോട്ട്മെന്റിന് വേണ്ടിയുള്ള ഓൺലൈൻ രജിസ്ട്രേഷൻ</u>**

മേല്പറഞ്ഞ 5 ബി.എ.എം.എസ് സീറ്റുകൾ നികത്തുന്നതിനായി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **03.11.2017 ഉച്ചയ്ക്ക് 1** മണിയ്ക്ക് മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ **<u>www.cee.kerala.gov.in</u>** എന്ന വെബ്സൈറ്റിലെ **'KEAM 2017-Candidate Portal'** എന്ന ലിങ്ക് വഴി ലോഗ്–ഇൻ ചെയ്ത് **'Spot Allotment Registration'/'Data Sheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് **'സ്പോട്ട് അലോട്ട്മെന്റ് സ്ലിപ്പ്'/'ഡാറ്റാ ഷീറ്റ്'** ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്. ഈ സ്പോട്ട് അലോട്ട്മെന്റ് സ്ലിപ്പും ഡാറ്റാ ഷീറ്റും സ്പോട്ട് അലോട്ട്മെന്റിന് ഹാജരാക്കേണ്ടതാണ്. പ്രോസ്പെക്ടസ് ക്ലോസ് 11.6.9 ന് അനുസൃതമായി നടത്തുന്ന സ്പോട്ട് അലോട്ട്മെന്റിന് താഴെപ്പറയുന്ന വ്യവസ്ഥകൾ ബാധകമായിരിക്കും.

(i) സ്പോട്ട് അലോട്ട്മെന്റ് തൃശ്ശൂർ പി.എൻ.എൻ.എം ആയുർവേദ മെഡിക്കൽ കോളേജിൽ അധികമായി അനുവദിക്കപ്പെട്ട സീറ്റുകളിലെ അഞ്ച് സർക്കാർ സീറ്റുകളിലേയ്ക്കാണ് നടത്തുന്നത്.

(ii) ഒരു സ്വകാര്യ സ്വാശ്രയ ആയുർവേദ മെഡിക്കൽ കോളേജിൽ ഇതിനോടകം പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയില്ല.

(iii) മറ്റേതെങ്കിലും കോഴ്സിൽ ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്നവർക്ക് അതത് പ്രോസ്പെക്ടസ് പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കിയ ശേഷം മാത്രമേ പുതിയ അലോട്ട്മെന്റ് സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(iv) നിലവിൽ ഒരു കോഴ്സിനും പ്രവേശനം നേടിയിട്ടില്ലാത്ത വിദ്യാർത്ഥികൾ വിടുതൽ സർട്ടിഫിക്കറ്റ്, പ്രവേശന യോഗ്യത തെളിയിക്കുന്ന മറ്റ് രേഖകളുടെ അസ്സൽ എന്നിവ സ്പോട്ട് അലോട്ട്മെന്റിന് ഹാജരാക്കേണ്ടതാണ്.

(v) ഇപ്പോൾ ഏതെങ്കിലും കോഴ്സിൽ പ്രവേശനം നേടിയിരിക്കുന്നവർ പ്രസ്തുത കോളേജിൽ നിന്നും വിടുതൽ നൽകുന്നതിന് തടസ്സമില്ലായെന്ന് കാണിക്കുന്ന നിരാക്ഷേപ പത്രം (NOC) സ്പോട്ട് അലോട്ട്മെന്റിന് ഹാജരാക്കേണ്ടതാണ്.

(vi) അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 75000/– രൂപയുടെ (എസ്.സി/എസ്.റ്റി/ഒ.ഇ.സി വിദ്യാർത്ഥികൾ 1000/– രൂപയുടെ) ഡിമാന്റ് ഡ്രാഫ്റ്റ് അപ്പോൾ തന്നെ സമർപ്പിക്കേണ്ടതാണ്.

(vii) പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള ആയുർവേദ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാവുന്നതാണ്.

**ഒഴിവുള്ള സീറ്റുകളുടെ കാറ്റഗറി തിരിച്ചുള്ള വിവരം www.cee-kerala.org എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.**

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
01.11.2017

**പ്രവേശന പരീക്ഷാ കമ്മീഷണർക്കുവേണ്ടി**